


**QUOTES OF DAYS**

FEB 18

വിശ്വാസവീരന്മാരെയല്ല പകരം പൂർണ്ണമായി പിന്തുടരാൻ തയ്യാറുള്ള വ്യക്തികളെയാണ് ദൈവം അന്വേഷിക്കുന്നത്

**ഹഡ്സൺ ടെയ്‌ലർ**


# ക്രിസ്ത്യൻ ലൈവ് DAILY

ON THE BATTLEFIELD FOR THE GREAT COMMISSION

19 FEBRUARY 2024 | VOL 03 | ISSUE 049 | 748


# റായ്പൂരിൽ ആരാധന തടസ്സപ്പെടുത്തി സംഘർഷം


**ഛത്തിസ്ഗഡ്:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യയുടെ റായ്പൂരിലെ സഭാ ഹാളിൽ ഇന്നലെ നടന്ന ആരാധന സുവിശേഷ വിരോധികൾ തടസ്സപ്പെടുത്തി. വിശ്വാസികളെ മർദ്ദിക്കുകയും തടഞ്ഞുവെക്കുകയും ചെയ്തു. ബജ്റംഗ്ദളിന്റെ നേതൃത്വത്തിൽ സ്ഥലത്ത് പ്രശ്നങ്ങൾ ഇപ്പോഴും തുടരുന്നതിനാൽ വിശ്വാസികൾക്ക് സ്വന്തം ഭവനത്തിൽ പ്രവേശിക്കാൻ സാധിക്കുന്നില്ല. വിശ്വാസികൾ പൊലിസ് സ്റ്റേഷനിൽ അഭയം തേടിയിരിക്കുകയാണെന്ന് പാ. രാജു വി ജോൺ അറിയിച്ചു.
വിഷയത്തിൽ വേൾഡ് ക്രിസ്ത്യൻ കൗൺസിൽ സംസ്ഥാന പ്രസിഡണ്ട് ഗ്ലാഡ്സൺ ജേക്കബും സെക്രട്ടറി ബാബു പറയിത്തുകാട്ടിലും അപലപിച്ചു



## ക്രിസ്ത്യൻ ദേവാലയം കത്തിച്ച കേസിൽ മൂന്ന് പേർ അറസ്റ്റിൽ

നർമ്മദാപുരം : മധ്യപ്രദേശിലെ നർമ്മദാപുരം ജില്ലയിൽ പള്ളിയും പ്രാർത്ഥനാ ഹാളും കത്തിക്കുകയും അലങ്കോലമാക്കുകയും ചെയ്ത കേസിൽ മൂന്ന് പേരെ അറസ്റ്റ് ചെയ്തു. ഗണ്യമായ ആദിവാസി ജനസംഖ്യയുള്ള ചൗകിപുര പ്രദേശത്ത് സ്ഥിതി ചെയ്യുന്ന പള്ളിയാണ് അഗ്നിക്കിരയാക്കിയത്. ചില മതഗ്രന്ഥങ്ങളും ഫർണിച്ചറുകളും അഗ്നിക്കിരയായി. ചൗകി പുര ഗ്രാമത്തിലെ ഒരു പ്രാർത്ഥനാ ഹാളിൽ ഫർണിച്ചറുകൾ കത്തിച്ച നിലയിൽ കണ്ടെത്തി, ചുവരിൽ 'റാം' എന്ന് എഴുതിയിരുന്നു. അറസ്റ്റിലായവരിൽ രണ്ട് പേർ ആകാശ് തിവാരി, അവനീഷ് പാണ്ഡെ എന്നിവർ ഉത്തർപ്രദേശ് സ്വദേശികളാണെന്ന് വൃത്തങ്ങൾ അറിയിച്ചു. 28 കാരനായ ഇലക്ട്രീഷ്യൻ ശിവ റായിയാണ് സംഘത്തിലെ മൂന്നാമത്തെ അംഗം. അയോധ്യ നിവാസിയായ അവനീഷ് പാണ്ഡെ എംബിഎ ബിരുദധാരിയാണ്. ഝാൻസിയിലാണ് ആകാശ് തിവാരി താമസിക്കുന്നതെന്ന് പോലീസ് വൃത്തങ്ങൾ അറിയിച്ചു. ആകാശ്, ഗൂഗിളിലെ ലക്ഷ്യസ്ഥാനങ്ങൾ അവനീഷിന് അയച്ചുകൊടുക്കുക മാത്രമല്ല അവനീഷിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പണം നൽകുകയും ചെയ്തുവെന്ന് പ്രാഥമിക ചോദ്യം ചെയ്യലിന് ശേഷം, പോലീസ് വൃത്തങ്ങൾ പറഞ്ഞു.

**CARTOON:**



EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ലിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒക്‌ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

**FULL PAGE**

| | |
|---|---|
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |

**HALF PAGE**

| | |
|---|---|
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |

**QUARTER PAGE**

| | |
|---|---|
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |

**HALF OF QUARTER PAGE**

| | |
|---|---|
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## വാഗ്ദത്ത വചനം

### ഫെബ്രുവരി 19

**ഒബ. 1:** 21 ഏശാവിന്റെ പർവ്വതത്തെ ന്യായം വിധിക്കേണ്ടതിന് രക്ഷകന്മാർ സീയോൻ പർവ്വതത്തിൽ കയറിച്ചെല്ലും; രാജത്വം യഹോവയ്ക്ക് ആകും.

എഡിറ്റോറിയൽ

# തിരമാലകൾ കണക്കെ പ്രതിസന്ധികൾ വന്നാൽ...



നെൽസൺ എം. ജോസ്

ജനനം എന്ന മൂന്നക്ഷരത്തിൽ ആരംഭിച്ച് മരണം എന്ന മൂന്നക്ഷരത്തിൽ അവസാനിക്കുന്ന മനോഹരമായ യാത്രയാണ് മൂന്ന് അക്ഷരങ്ങളുള്ള ജീവിതം. ജീവിതത്തെ മനോഹരമായ യാത്രയോട് തുലനം ചെയ്തിരിക്കുന്ന ധാരാളം കവികൾ കഥാകൃത്തുക്കൾ വിവിധ ഭാഷകളിൽ പ്രശസ്തമാണ്. ജീവിതം മനോഹരവും ജീവിതത്തിലെ കാഴ്ചകൾ അതിമനോഹരവും ആകുമ്പോൾ തന്നെ ഈ യാത്രയ്ക്ക് തടസ്സങ്ങൾ നേരിടാറുണ്ട്. അത്ര മനോഹരമോ മധുരമോ അല്ലാത്ത പുളിപ്പും ചവർപ്പും കൈപ്പും ഒക്കെയേറിയ അനുഭവങ്ങളും ഉണ്ടാകാം. അത്തരം അനുഭവങ്ങളെയാണ് പ്രതിസന്ധികൾ എന്ന വാക്കുകൊണ്ട് നാം വിവക്ഷിക്കുന്നത്. ജീവിതത്തിൻറെ പ്രതിസന്ധികൾ സ്വാഭാവികമാണ്. ഓരോ കയറ്റത്തിനും ഒരു ഇറക്കം ഉള്ളതുപോലെ ജീവിതത്തിൽ വല്ലപ്പോഴുമെങ്കിലും ഒരു കയറ്റം അനുഭവിക്കാത്തവരായി ആരും തന്നെയില്ല. എന്നാൽ ഇത്തരം പ്രതിസന്ധികൾ തിരമാലകൾ കണക്കെ നമ്മുടെ ജീവിതത്തിലേക്ക് വന്നാലോ?. ഒന്നിനു പുറകെ ഒന്നായി നിർത്താതെ വന്നുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ. ഒരു തിരമാല വന്ന് ഇറങ്ങി പോകുമ്പോൾ ഒരു ആശ്വാസം തോന്നുന്നു, പക്ഷേ ആശ്വാസം അവസാനിക്കുന്നതിന് മുൻപായി മറ്റൊരു പ്രതിസന്ധി കടന്നുവരുന്നു.

നമ്മെ യഥാർത്ഥ വഴിയിലേക്ക് തിരിച്ചുവിടുന്നതിനാണ് പലപ്പോഴും പ്രതിസന്ധികൾ വരാറുള്ളത്. പ്രവാചകന്റെ വഴിമുടക്കി ദൂതൻ ഇറങ്ങി വന്നപ്പോൾ ഒരു കഴുത തന്നെ പ്രവാചകന് വേണ്ടി സംസാരിക്കേണ്ടി വന്നു.

വല്ലപ്പോഴുമുള്ള പ്രതിസന്ധികൾ സ്വാഭാവികമാണെങ്കിൽ നിരന്തരമായ പ്രതിസന്ധികൾ അത് സ്വാഭാവികമല്ല. വിചിന്തനത്തിന് വിധേയമാക്കി പരിഹാരം കണ്ടെത്തേണ്ടതാണ്.

ചിലപ്പോൾ എല്ലാം ഇതൊരു തോന്നൽ ആയിരിക്കാം. നമ്മുടെ ജീവിതത്തിൻറെ പ്രതിസന്ധികൾ തിരമാല കണക്കെ ആയിരിക്കുന്നു എന്നുള്ളത്.

എന്നാൽ മധുരമായ ഒരു ഓർമ്മയായി അനേകം ആളുകൾക്ക് ആകർഷകമായ ഒരു കടൽത്തീരമായി പഞ്ചസാര മണലുകൾ രൂപം കൊള്ളുന്നത് ഈ പ്രതിസന്ധികളുടെ തിരമാലകളിൽ നിന്നാണ്. കുട്ടികൾക്ക് കളിക്കാൻ കഴിയുന്ന പഞ്ചസാര മണലുകൾ.. ആളുകൾക്ക് ആകെ ആകർഷകമായ പഞ്ചസാര മണലുകൾ...

തിരമാല കണക്കെ പ്രതിസന്ധികൾ വരുമ്പോഴും സൗമ്യഭാവത്തിൽ അവയെ കൈകാര്യം ചെയ്യുകയും ചുറ്റും കൂടുന്ന സകലമാന ആളുകൾക്കും നയന മനോഹരമായ കാഴ്ചകൾ ഒരുക്കുകയും ചെയ്യുന്ന കടൽത്തീരം. ജീവിതത്തിലെ കൈപ്പേറിയ അനുഭവങ്ങളിലും ചുറ്റുമുള്ളവർക്ക് മനോഹരമായ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുന്ന അതുല്യ വ്യക്തിത്വങ്ങൾ. അത്തരം മഹത്തായ വ്യക്തിത്വത്തിന് ഉടമയാകുവാൻ ദൈവം താങ്കളെയും വിളിക്കുന്നു.

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:



### നോർത്ത് മാസിഡോണിയ

| | |
|---|---|
| തലസ്ഥാനം | : സ്കോപ്ജെ |
| ഭാഷ | : മാസിഡോണിയൻ അൽബാനിയൻ |
| ജനസംഖ്യ | : 22 ലക്ഷം |
| പ്രസിഡണ്ട് | : സ്റ്റീവോ പെൻഡറോവ്സ്കി |
| മതം | : ക്രിസ്ത്യൻ |

രാജ്യത്തുടെ യാത്ര ചെയ്യുമ്പോൾ ശൂന്യമായ ധാരാളം പള്ളികൾ കാണാം. ഇവിടെയെല്ലാം ക്രിസ്തുവിന്റെ ഉത്സാഹികളായ ശിഷ്യന്മാരെക്കൊണ്ട് നിറയണം. പ്രാർത്ഥിക്കാം.

വംശീയ വിഭജനം രാജ്യത്തിന്റെ ശാപമാണ്. സമൂഹത്തിലും രാഷ്ട്രീയത്തിലും സഭയിലും ആഴത്തിലുള്ള മുറിവുകളുണ്ട്. ഇത് യേശുവിന്റെ സ്നേഹത്തിലൂടെ സുഖപ്പെടാനായി പ്രാർത്ഥിക്കുക.

പരിശുദ്ധാത്മാവ് ജ്ഞാനികളും ആത്മീയ പക്വതയുള്ളവരുമായ പ്രാദേശിക സഭാ നേതാക്കളെ ഉയർത്തണം പ്രാർത്ഥിക്കുക.

19 FEBRUARY 2024
VOL 03 | ISSUE 049 | 748

# ഞങ്ങൾക്കും പറയാനുണ്ട്

## ഈ വർഷം ജനറൽ കൺവൻഷനുകളിൽ കണ്ടത്

കേരളത്തിലെ വിവിധ സഭകൾ സംഘടിപ്പിച്ച ഈ വർഷത്തെ ജനറൽ കൺവൻഷനുകൾക്ക് തിരശീല വീഴുന്നു. ഈ കൺവൻഷനുകളിൽ പങ്കെടുത്ത ചില പ്രീയപ്പെട്ടവരുടെ അഭിപ്രായങ്ങളിലേക്ക്

### ആത്മസമർപ്പണം ഇല്ലെങ്കിൽ 'വിജയം' എന്നത് നേതൃത്വം നൽകുന്നവരുടെത് മാത്രമാകും



**കെ. ബി. ഐസക്ക്**

സഭാ സംഘടനകളുടെ ഉപദേശ ഐക്യവും കൂട്ടായ്മ ബന്ധവും വെളിപ്പെടുത്തുന്ന കാര്യപരിപാടികൾ ദിശാബോധത്തോടും നീതിപൂർവ്വമായ പങ്കാളിത്വത്തോടും ഒരു വേദിയിൽ അവതരിപ്പിക്കുന്നതാണ് ജനറൽ കൺവൻഷനുകൾ.
ക്രിസ്തുവിൻറെ കഷ്ട അനുഭവങ്ങളോട് ഏകീഭവിക്കുന്ന പരിശുദ്ധമായ തിരുവത്താഴവും മനോഹരമായ ഗാനങ്ങളും ആഴമേറിയ തിരുവചന സന്ദേശങ്ങളും മിഷൻ അനുഭവങ്ങളും ഒക്കെ ലഭ്യമാകുമ്പോൾ അനുഭവിക്കുന്ന സായൂജ്യമാണ് ഒരു കൂട്ടർക്ക് വിജയം.

ആത്മീക ആരാധനയുടെ ചലനങ്ങൾ ഉൾകൊണ്ട ദിന രാത്രങ്ങളെ വിസ്മരിക്കുന്നില്ല.

ചേരിതിരിവുകളും പിണക്കങ്ങളും ഒക്കെയായി റോന്തു ചുറ്റുന്നവർക്ക് വിമർശിക്കാനുള്ള വക കിട്ടുന്നതാണ് അവരുടെ വിജയം.

ഉണർവും ഉത്തേജനവും നൽകുമ്പോൾ തന്നെ ചില വ്യക്തിപരമായ സന്തോഷങ്ങളും സംതൃപ്തിയും മാത്രമായി ആന്തരിക മാറ്റമോ സമർപ്പണമോ ഇല്ലെങ്കിൽ 'വിജയം' എന്നത് നേതൃത്വം നൽകുന്നവരുടെ മാത്രം വിജയമാണ്.

### കൺവെൻഷനുകൾ അന്ന് വലിയ വിടുതൽ ആയിരുന്നു



**സജി വർഗീസ് അടൂർ**

ചില മുൻനിര പ്രസ്ഥാനങ്ങളുടെ കൺവെൻഷനുകൾക്ക് സംബന്ധിക്കുവാൻ ഇടയായി. വളരെ അനുഗ്രഹമായിരുന്നു.

വാർഷിക കൺവെൻഷനുകൾ വിശ്വാസി സമൂഹത്തിന് അല്ലെങ്കിൽ പാസ്റ്റേഴ്‌സ് ഒരു വർഷക്കാലം ആത്മീയ പോർക്കളത്തിൽ പോരാടുവാൻ ഉള്ള ഊർജ്ജം സംഭരിക്കലാണ് എന്നാൽ ഇന്ന് നമ്മുടെ സൺഡേ സ്കൂൾ, യുവജനപ്രസ്ഥാനം, ലേഡീസ് മിനിസ്ട്രി പോലെയുള്ള പ്രവർത്തനങ്ങൾക്ക് പ്രൈസ് കൊടുക്കാനുള്ള ഒരു അവസരമായി മാത്രം കാണുന്നു. അങ്ങനെയാണോ വേണ്ടത്?

നമ്മുടെ പുത്രികാ പ്രസ്ഥാനങ്ങൾക്കും ഒരു വർഷം ആത്മീയ പോർക്കളത്തിൽ പോരാടുവാനുള്ള ഊർജ്ജം സംഭരിക്കാനുള്ള അവസരമായി തീരട്ടെ വാർഷിക കൺവെൻഷനുകൾ.

കൺവൻഷനുകളിൽ ഇന്ന് രോഗശാന്തി ശുശ്രൂഷകൾ അപ്രത്യക്ഷമായി. ആത്മീയ കൂടിവരവുകൾ പേരിനു മാത്രം എന്തോ ചടങ്ങുകൾ നിർവഹിക്കുന്നത് പോലെ.

മറ്റ് മതങ്ങളിൽ നിന്ന് വേർതിരിച്ചത് രക്ഷയിലൂടെയാണ്. നിത്യതയാണ് നാം ഉദ്ദേശിക്കുന്നത്. നമ്മൾ പ്രത്യാശിക്കുന്നത് യേശുക്രിസ്തുവിന്റെ വരവാണ്. സഭയുടെ ഏക പ്രത്യാശയും അതുതന്നെയാണ്. എന്നാൽ ഇന്ന് ഇല്ലാതെ പോയതും ഇതുതന്നെയാണ്. യേശുക്രിസ്തുവിന്റെ വരവിനെ കുറിച്ച് ഒരു നല്ല പ്രസംഗം കേൾക്കുവാൻ സാധിച്ചില്ല. കർത്താവ് വന്നില്ലെങ്കിൽ അടുത്ത വർഷവും കാണാം എന്നുള്ള പ്രത്യാശ വാചകത്തോടെയാണ് കൺവെൻഷനുകൾ സമാപിക്കുന്നത് ഇതാണോ നാം ഉദ്ദേശിക്കുന്ന കൺവെൻഷൻ?

പണ്ടുള്ള കൺവെൻഷനുകളിൽ ആത്മീയ വിടുതൽ സംഭവിക്കുമായിരുന്നു ജാതിമത വർണ്ണ വർഗ്ഗ വ്യത്യാസമില്ലാതെ അനേകർ വിശ്വാസത്തിലേക്ക് വരുന്ന കാലഘട്ടം മുമ്പ് ഉണ്ടായിരുന്നു കൺവെൻഷനുകൾ അന്ന് വലിയ വിടുതൽ ആയിരുന്നു. അന്നത്തെ പരിശുദ്ധാത്മാവ് ഇന്നും ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു എന്തുകൊണ്ടാണ് ഇങ്ങനെ അത്ഭുതങ്ങൾ നടക്കാത്തത്? നാം സ്വയം വിലയിരുത്തുക

### ഒരു മടങ്ങി വരവ് അത്യാവശ്യമാണ്



**പാ. സാം തങ്കച്ചൻ**

പഴയ കാല പെന്തിക്കോസ്തു കൺവൻഷനുമായി താരതമ്യം ചെയ്താൽ ജനറൽ കൺവൻഷനുകളുടെ ആത്മീക നിലവാരത്തിൽ കാര്യമായ കുറവു വന്നിട്ടുണ്ട് എന്നു വേണം പറയാൻ. വചന പ്രസംഗം കുറയുന്നു എന്നത് ഖേദകരമാണ്. എന്നാൽ പ്രസ്ഥാനം എന്ന നിലയിൽ എല്ലാ സഭകളും വളർന്നിരിക്കുന്നു. അതും കാലത്തിന്റെ ആവശ്യം തന്നെയാണ്. എങ്കിലും ഒരു മടങ്ങി വരവ് അത്യാവശ്യമാണ് എന്നാണ് അഭിപ്രായം.

## സംഘബലം കാണിക്കാനുള്ള അവസരം



**ബാബു പറയത്തുകാട്ടിൽ**
**ഡബ്ല്യുസിസി ജന. സെക്രട്ടറി**

പണ്ടൊക്കെ കൺവൻഷനെന്നു പറഞ്ഞാൽ വളരെ സന്തോഷമായിരുന്നു. കാരണം രോഗികൾ, ദുഖിതർ, പീഡിതർ, ഇവരൊക്കെ കൺവെൻഷനിൽ പ്രസംഗം കേൾക്കാൻ പോകുമായിരുന്നു. ഇപ്പോൾ സ്ഥിതി മാറി. അന്നൊക്കെ പെന്തകോസ്തുകാർ എന്നാണ് പൊതുവെ അറിഞ്ഞിരുന്നത്.

ഇപ്പോൾ കൺവൻഷൻ ഓരോ വിഭാഗത്തിന്റെയും ആയി. അവരുടെ സംഘടനാ ബലം കാണിക്കാനുള്ള അവസരമായി തീർന്നു. അന്നൊക്കെ വിടുതൽ, മനസാന്തരം സ്നാനം, രോഗശാന്തി ഇതിനായിരുന്നു മുൻതൂക്കം... ഇപ്പോൾ പെന്തകോസ്ത് ഐക്യം ഇല്ലാതായി ഇപ്പോൾ കൺവെൻഷന് യേശു വരാറായി. പ്രഹസനങ്ങൾ അരങ്ങേറുന്നു..

ഇനിയെങ്കിലും പ്രഹസനങ്ങൾ മാറ്റി എല്ലാവരെയും ഉൾപെടുത്തി മുൻപോട്ട് പോയാൽ നല്ലതായിരുന്നു

## തിരുമേശാ പാത്രം ചായക്കടകളിൽ കൊണ്ടു പോകേണ്ടതില്ല



**രാജു രാജ്**

ഞായറാഴ്ച തിരുമേശാ ശുശ്രൂഷക്ക് തൊട്ടു മുൻപ് കൺവൻഷൻ ഗ്രൗണ്ടിൽ ഉണ്ടായിരുന്ന ചായക്കടയിൽ നിന്ന് വട കഴിച്ചിട്ട് തിരുമേശ എടുത്തവരെ കണ്ടു. വിശ്വസിക്കുമോ എന്ന് അറിയില്ല.പന്ത്രണ്ടു മണിക്ക് കലവറയിൽ ഫുഡ് വിളമ്പി തുടങ്ങി. തിരുമേശാ പാത്രം ചായക്കടകളിൽ കൊണ്ടു പോകേണ്ട ആവശ്യം ഇല്ലെന്നാണ് എന്റെ അഭിപ്രായം.

വചന ശുശ്രൂഷക്കിടയിൽ പറക്കും ക്യാമറയിൽ കണ്ടു കൺവൻഷൻ കടകളിൽ തിക്കും തിരക്കും. ചാട്ടവാർ എടുത്ത ഒരുവനെ ഓർത്തു പോയി. അങ്ങനെ വിശുദ്ധ സഭായോഗം കഴിഞ്ഞ് ഞാനും വീട്ടിൽ പോയി.

## ക്രിസ്ത്യൻ സമുദായ ക്ഷേമത്തിന് കർണ്ണാടകയിൽ ഇരുന്നൂറ് കോടി

ബംഗളൂരു: ക്രിസ്ത്യൻ സമുദായ വികസനത്തിന് ഇരുന്നൂറ് കോടി രൂപ നീക്കിവെച്ച കർണ്ണാടക സംസ്ഥാന ബജറ്റിൽ വഖഫ് സ്വത്തുക്കളുടെ വികസനസംരക്ഷണത്തിനുള്ളത് നൂറ് കോടി. മുഖ്യമന്ത്രി സിദ്ധരാമയ്യ അവതരിപ്പിച്ച ബജറ്റിൽ ന്യൂനപക്ഷ വിഭാഗങ്ങളെ പ്രത്യേകം പരിഗണിച്ചു.
ജൈനമത തീർഥാടന കേന്ദ്രങ്ങളുടെ വികസനത്തിന് 50 കോടി രൂപയും ബിദറിലെ ശ്രീ നാനാക്ക് ഗുരുദ്വാര വികസനത്തിന് കോടി രൂപയും അനുവദിച്ചു. വിവിധ മത തീർഥാടന കേന്ദ്രങ്ങളുടെ വികസനത്തിന് 20 കോടിയും നീക്കിവെച്ചു.
100 കുട്ടികൾക്ക് വീതം പ്രവേശനം ലഭിക്കുന്ന 100 പുതിയ മൗലാന ആസാദ് സ്കൂളുകൾ തുടങ്ങുമെന്ന് ബജറ്റ് പ്രസംഗത്തിൽ മുഖ്യമന്ത്രി പറഞ്ഞു. 50 മൊറാർജി ദേശായ് റെസിഡൻഷ്യൽ സ്കൂളുകളും ആൺ/പെൺ കുട്ടികൾക്കായി 100 പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും ആരംഭിക്കും

## മണിപ്പൂരിൽ ബിഎസ്എഫ് സൈനികർക്ക് നേരെ വെടിവെപ്പ്

മണിപ്പൂർ : മണിപ്പൂരിൽ വീണ്ടും സംഘർഷം. കച്ചിങ് ജില്ലയിൽ ബിഎസ്എഫ് സൈനികർക്ക് നേരെ തോക്കുധാരികൾ വെടിയുതിർക്കുകയായിരുന്നു.ഒരു ജവാന് ഗുരുതരമായി പരിക്കേറ്റു. ബിഎസ്എഫ് ജവാൻമാർക്ക് നേരെ അക്രമികൾ അപ്രതീക്ഷിതമായി വെടിയുതിർക്കുകയായിരുന്നു. മൂന്ന് ദിവസമായി പ്രദേശത്ത് ആക്രമണം തുടരുകയാണെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.ചുരാചന്ദ്പൂരിന്റെയും ചന്ദേലിന്റെയും അതിർത്തിയിലെ പ്രശ്നബാധിത പ്രദേശമായ സുഗ്നുവിൽ ശനിയാഴ്ചയാണ് സംഭവം. ഹിമാചൽ സ്വദേശിയായ ഹെഡ് കോൺസ്റ്റബിൾ സോം ദത്തിന് (45) വെടിവെപ്പിൽ പരിക്കേറ്റു.

## അതിഥി തൊഴിലാളി ചെങ്ങന്നൂരിൽ മരണമടഞ്ഞു

ചെങ്ങന്നൂർ : കൽക്കട്ടയിൽ നിന്നും നിർമാണ തൊഴിലിനായി വന്ന പ്രശാന്ത റോയ് (37) ശാരീരിക അസ്വസ്ഥതയെ തുടർന്ന് മരണമടഞ്ഞു. കഴിഞ്ഞ ആറു മാസമായി ചെങ്ങന്നൂരിനും പരിസര പ്രദേശത്തും നിർമാണ തൊഴിൽ ചെയ്യുകയായിരുന്നു. വിവാഹിതനാണ്. രണ്ടു മക്കൾ.
ബോഡി തിരികെ കൊണ്ടു പോകാൻ സാഹചര്യം ഇല്ലാത്തതിനാലും ആരും ബോഡി ഏറ്റെടുക്കാൻ ഇല്ലഞ്ഞതിനാലും



വീട്ടുകാരുടെ അനുവാദത്തോടെ പോസ്റ്റുമോർട്ടത്തിന് ശേഷം ഡോ. റൂബിൾ ജോസഫ് ബോഡി ഏറ്റെടുത്ത് സംസ്കരിച്ചു.


## വില്പനക്ക്

റാന്നി കടയാർ 6.5 cent സ്ഥലവും 3 bedroom വീടും. Rate 45L

തിരുവല്ല മനക്കച്ചിറ 6 cent സ്ഥലവും 4 bedroom വീടും Rate 66L

കുമ്പനാട് 7 cent സ്ഥലവും പുതിയ വീടും Rate 60L

Contact : 8848024860

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
05
19 FEBRUARY 2024
VOL 03 | ISSUE 049 | 748

# വ്യാജരേഖ ചമച്ച് തട്ടിപ്പ്; ട്രംപ് കുറ്റക്കാരനെന്ന് കോടതി



വാഷിംഗ്ടൺ : അധിക വായ്പ നേടാൻ വ്യാജരേഖകൾ ചമച്ച് തട്ടിപ്പ് നടത്തിയ കേസിൽ മുൻ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് കുറ്റക്കാരനെന്ന് ന്യൂയോർക്ക് കോടതി. 354.9 മില്യൺ ഡോളർ പിഴയായി നൽകണം എന്നും കോടതി ജഡ്ജി ആർതർ എൻഗോറോൺ പറഞ്ഞു. ട്രംപും അദ്ദേഹത്തിന്റെ കുടുംബ ബിസിനസുകളും ബാങ്കർമാരെ കബളിപ്പിച്ച് അധിക വായ്പ ലഭിക്കുന്നതിന് വേണ്ടി തന്റെ ആസ്തി പ്രതിവർഷം 3.6 ബില്യനായി കണക്കാക്കി എന്നാണ് ഹർജിയിലെ ആരോപണം. ന്യൂയോർക്ക് അറ്റോർണി ജനറൽ ലെറ്റിഷ്യ ജെയിംസ് ആണ് ട്രംപിനെതിരായി കേസ് ഫയൽ ചെയ്തത് . ഈ വർഷം പ്രസിഡന്റ് സ്ഥാനത്തിനായി മത്സരിക്കുന്ന ട്രംപിന് കനത്ത തിരിച്ചടിയാണ് കോടതി വിധി. പിഴക്ക് പുറമെ ന്യൂയോർക്ക് കോർപ്പറേഷന്റെ ഓഫീസറോ, ഡയറക്ടറോ ആകുന്നതിൽ നിന്നും, ന്യൂയോർക്കിൽ ചാർട്ടേഡ് ചെയ്തിട്ടുള്ള ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽ നിന്ന് ലോണിനായി അപേക്ഷിക്കുന്നതിൽ നിന്നും ട്രംപിനെയും അദ്ദേഹത്തിന്റെ കമ്പനികളെയും മൂന്ന് വർഷത്തേക്ക് വിലക്കുകയും ചെയ്തു. ട്രംപിന്റെ മുതിർന്ന മക്കളായ ഡോൺ ജൂനിയറും, എറിക്കും കേസിൽ പ്രതികളാണ്. എന്നാൽ തനിക്കെതിരായ കേസ് തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടുള്ള വേട്ടയാടലാണ് എന്നാണ് ട്രംപിന്റെ പ്രതികരണം . വിധിക്കെതിരെ അപ്പീൽ പോകുമെന്ന് ട്രംപിന്റെ അഭിഭാഷക അലീന ഹബ്ബ പറഞ്ഞു.

## ചിരിക്കാം ചിന്തിക്കാം

# ജാതികളുടെ ഇടയിലെ വേലയും കുറെ മിടുക്കന്മാരും



ജോയി മാത്യു

ഇന്ന് രാവിലെ വിദേശത്തു ജോലി ചെയ്യുന്ന ഒരു സ്നേഹിതൻ വിളിച്ചു പറഞ്ഞ കഥ കേട്ട് ഞാൻ നന്നായി ചിരിച്ചു. അത് നിങ്ങളുമായി പങ്കുവയ്ക്കണമെന്ന് ആഗ്രഹിക്കുന്നു.
ഒരു പാസ്റ്റർ എങ്ങനെയൊക്കെയോ വിസ സംഘടിപ്പിച്ച് വിദേശത്ത് എത്തി. പതിവുപോലെ പലരെയും കോൺടാക്ട് ചെയ്ത് മീറ്റിങ്ങുകൾ ഒക്കെ സംഘടിപ്പിച്ചു.
എന്റെ സ്നേഹിതന്റെ സഭയിലും അവസരം കൊടുത്തു.. അപ്പോൾ ഗസ്റ്റായിട്ട് വന്ന അദ്ദേഹം പറഞ്ഞു: ഞാൻ 'ജാതികളുടെ ഇടയിലാണ് വേല ചെയ്യുന്നത് ' മതിപ്പും താൽപ്പര്യം തോന്നിയ അദ്ദേഹം വീട്ടിൽ വിളിച്ചു കൊണ്ടു പോവുകയും വേണ്ട സഹായങ്ങൾ ഒക്കെ ചെയ്യുക മാത്രമല്ല മറ്റു പലരെ പരിചയപ്പെടുത്തുകയും ചെയ്തു. കൂടാതെ അദ്ദേഹത്തിന്റെ നാട്ടിലെ അഡ്രസ്സും വാങ്ങി. അടുത്തപ്രാവശ്യം ഞാൻ നാട്ടിൽ വരുമ്പോൾ തീർച്ചയായും ഭവനത്തിൽ എത്താമെന്ന വാക്കും കൊടുത്തു.
അങ്ങനെ രണ്ട് വർഷം കഴിഞ്ഞു. എന്റെ സ്നേഹിതൻ നാട്ടിലെത്തി.ചോദിച്ചും, പറഞ്ഞും കൈയിൽ ഉണ്ടായിരുന്ന അഡ്രസ്സിൽ ഭവനത്തിൽ എത്തി, തരക്കേടില്ലാത്ത മനോഹരമായ ഒരു വീട്. കോളിംഗ് ബെൽ അടിച്ചപ്പോൾ ഭാര്യ വന്ന് കതക് തുറന്നു. ആരാ? എന്താ? എവിടുന്നു വരുന്നു? എന്നൊക്കെ ചോദിച്ചു.
കുടുംബനാഥനെ കാണണമെന്ന ആവശ്യപ്പെട്ടു. അപ്പോൾ ആ സ്ത്രീ പറഞ്ഞു: ഞാൻ വിളിക്കാം. അച്ചായൻ ഞങ്ങളുടെ വീടിന്റെ പുറകിൽ ഉണ്ട്. അല്പം പണിയിലാണ്.
സാരമില്ല. ഞാൻ അങ്ങോട്ട് പൊയ്ക്കോളാമെന്ന് പറഞ്ഞ് വീടിനുള്ളിൽ പ്രവേശിക്കാതെ സൈഡിലൂടെ എന്റെ സ്നേഹിതൻ പുറകിലേക്ക് പോയപ്പോൾ കണ്ട കാഴ്ച അര ഏക്കറോളം വരുന്ന 'ജാതികൃഷി' തനിക്ക് ഉണ്ടായിരുന്നു. നമ്മുടെ കഥാപുരുഷൻ അതിന്റെ ഇട കിളയ്ക്കുകയും ജാതിക്ക ശേഖരിക്കുകയും ചെയ്യുന്നു. ശരിയല്ലേ...? അദ്ദേഹം വ്യാജമൊന്നും പറഞ്ഞില്ല. ഉള്ള കാര്യം മാത്രമാണ് പറഞ്ഞത്. വിദേശത്ത് യാത്ര ചെയ്തതും അവിടെനിന്ന് പിരിവെടുത്തതുമെല്ലാം 'ജാതികളുടെ ഇടയിൽ വേല ചെയ്യുന്നു' എന്ന് പറഞ്ഞായിരുന്നല്ലോ!
ഇതൊരു നിർമ്മിത കഥയാണെന്ന് ഒന്നും എനിക്ക് തോന്നുന്നില്ല. പലതരത്തിലുള്ള 'വേലക്കാർ' നമ്മുടെ സമൂഹത്തിൽ ഉണ്ട്. കാര്യങ്ങൾ അവതരിപ്പിക്കാൻ സമൃദ്ധന്മാരായ മിടുക്കന്മാർ കുറവല്ല. 'പല വേലകളും' പറഞ്ഞു സ്വകാര്യ സ്വത്ത് സമ്പാദിക്കുകയാണ്. അവസാനം കാര്യത്തിന്റെ നിജസ്ഥിതി അന്വേഷിച്ച് ചെല്ലുന്നവർ... പ്ലിംഗ്!!!

# ലോക്സഭ തിരഞ്ഞെടുപ്പ്: അടിയന്തിര ആവശ്യങ്ങളുമായി സീറോ മലബാർ സഭ

കൊച്ചി: ജെ.ബി കോശി കമ്മീഷൻ റിപ്പോർട്ട്, സംസ്ഥാന ഇഡബ്ല്യുഎസ് മാനദണ്ഡങ്ങളുടെ പരിഷ്കരണം, വന്യമൃഗശല്യ നിയന്ത്രണം എന്നീ വിഷയങ്ങളിൽ ലോക് സഭാ തെരഞ്ഞെടുപ്പു വിജ്ഞാപനം പുറത്തുവരുന്നതിനു മുമ്പായി അടിയന്തര പ്രാധാന്യത്തോടെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപടിയെടുക്കണമെന്ന് സീറോ മലബാർ സഭ ആവശ്യപ്പെട്ടു. സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ ചെയർമാൻ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പുറത്തിറക്കിയ പ്രസ്താവനയിലാണ് ഈ ആവശ്യങ്ങൾ ഉന്നയിച്ചിരിക്കുന്നത്.




# പുസ്തക പരിചയം

## യഹോവാ സാക്ഷികൾക്കുള്ള മറുപടി

### ബാബു ജോർജ് പത്തനാപുരം

യഹോവയുടെ സാക്ഷികൾ എന്ന പ്രസ്ഥാനത്തിന്റെ ഉൽഭവം മുതലുള്ള എല്ലാ ചരിത്രങ്ങളെയും ഉപദേശങ്ങളെയും വസ്തുനിഷ്ഠമായി വിലയിരുത്തുന്നു. യേശുവിനെ ക്രൂശിച്ചത് ഒറ്റത്തടി സ്തംഭത്തിലാണോ? നമുക്ക് രക്തദാനവും പട്ടാള സേവനവും ചെയ്യാമോ? 1914 ക്രിസ്തു മടങ്ങി വന്നുവോ? സ്വർഗ്ഗത്തിൽ ഭരിക്കാനുള്ളവരുടെ സംഖ്യ 1935ൽ തികഞ്ഞുവോ? യേശുവിന്റെ ശരീരം വാതകമായി അന്തരീക്ഷത്തിൽ ലയിച്ചു പോയോ? മനുഷ്യാത്മാവും മരണാനന്തര ജീവിതവും വിധിയാണോ? ഏലിയാവിന്റെ സ്വർഗ്ഗാരോഹണം നടന്നിട്ടില്ലയോ? ബൈബിൾ തിരുത്തിയതിലും വ്യാഖ്യാനിച്ചതിലും യഹോവയുടെ സാക്ഷികൾക്ക് സംഭവിച്ച പിശകുകൾ എന്തൊക്കെയാണ്? നീണ്ട എട്ടുവർഷത്തെ പഠനത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി രചിക്കപ്പെട്ട ആധികാരിക ഗ്രന്ഥം.

ഡമ്മി 8/1, 256പേജുകൾ. വില 250 രൂപ (ഇന്ത്യയിൽ തപാൽ ചെലവ് സൗജന്യം)

**ആവശ്യപ്പെടേണ്ട വിലാസം**

Pr. BABU GEORGE
GRACE LAND COTTAGE
NEAR NEDUMBASSERY
AIRPORT, VAPPALASSERY P O,
ERNAKALA M 683572
Phone 8086991167

**HOUSE FOR RENT IN AMALLOOR**

Furnished 3 Bedroom house with a front patio with ample parking for rent in Thiruvalla.

**Contact-Baby Samuel**
**WhatsApp No. +91 92072 51248**

# പുതിയ മെത്രാപ്പോലിത്തമാർ

ഇൻഡോർ: മദ്ധ്യപ്രദേശിലെ ഇൻഡോർ രൂപതയിൽ കല്ലൂർക്കാട് സ്വദേശി തോമസ് മാത്യു കുറ്റിമാക്കലും കാണ്ഡ്വാ രൂപതയിൽ മാനന്തവാടി രൂപതയിലെ അഗസ്റ്റിൻ മഠത്തിക്കുന്നേലും ബീഹാറിലെ പൂർണിയ രൂപതയിൽ ഫ്രാൻസീസ് തിർക്കിയും തെലങ്കാനയിലെ നൽഗോണ്ട രൂപതയിൽ കർണം ദമാനും കമ്മം രൂപതയിൽ പ്രകാശ് സജിലിയും പുതിയ മെത്രാപ്പോലിത്തമാരായി ചുമതലയേൽക്കും. ഇതിനു മുന്നോടിയായി ചാക്കൊ തോട്ടുമാരിക്കൽ, ആന്ധ്രപ്രദേശിലെ വിശാഖപട്ടണം അതിരൂപതയിലെ പ്രകാശ് മല്ലവരപ്പു, മഹാരാഷ്ട്രയിലെ ഔറംഗബാദ് രൂപതയിലെ അംബ്രോസ് റിബേല്ലൊ എന്നിവരുടെ രാജി മാർപാപ്പാ സ്വീകരിച്ചു.

## പാ. ജസ്റ്റിൻ കായംകുളത്തിന്റെ ഭാര്യാമാതാവ് നിത്യതയിൽ



കടമ്പനാട് : പനംതോപ്പ് സുവാർത്താ സഭാംഗം റിനിഭവനിൽ പരേതനായ രാജൻ ജോർജിന്റെ ഭാര്യ **കുഞ്ഞുമോൾ രാജൻ (64)** നിത്യതയിൽ. സംസ്കാരം പിന്നീട്. മക്കൾ: രാജിമോൾ മോൻസി, റിനി ജസ്റ്റിൻ മരുമക്കൾ: പാ. മോൻസി തോമസ്, പാ. ജസ്റ്റിൻ ജോർജ് കായംകുളം






തയ്യാറാക്കിയത്:
**സിസ്റ്റർ ജോസി റിജോയി**

## ഇന്നത്തെ ചോദ്യങ്ങൾ

**വായന ഭാഗം: യോശുവ : 19 - 21**

1. ഒരു പരാക്രമിയുടെ പേരിൽ അറിയപ്പെടുന്ന താഴ്‌വര?
2. ആശേർ മക്കളുടെ അവകാശ ദേശത്തിന്റെ അതിർത്തി ഒരു മഹാനഗരമാണ് ഏത്?
3. സഭയുടെ വിസ്താരം വരെ സങ്കേതനഗരത്തിൽ പാർക്കേണ്ടത് ആരാണ്?
4. ബേസെർ സ്ഥിതി ചെയ്യുന്ന സമഭൂമി എവിടെയാണ്?
5. ആഹരോന്റെ മക്കൾക്ക് ലഭിച്ച ഗോത്രങ്ങൾ ഏതെല്ലാം?

## ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. എഫ്രയീമ്യർക്ക് (യോശുവ 16:10)
2. ശെലോഫഹാദിന്റെ പുത്രിമാർ (യോശുവ 17:3)
3. പെരിസ്യരുടെയും മല്ലൻമാരുടെയും (യോശുവ 17.15)
4. ലേവി ഗോത്രം (യോശുവ 18:7)
5. ബെന്യാമീന്റെ മക്കളുടെ അവകാശ അതിർ (യോശുവ 18:11)

# CHRISTIAN LIVE DAILY

19 FEBRUARY 2024
VOL 03
ISSUE 049 | 748

ON THE BATTLEFIELD FOR THE GREAT COMMISSION

www.christianlive.in
cnl7news@gmail.com
+91 98465 52220